# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1790 — 08.06.2018 ലെ മറുപടിക്ക്

## കെട്ടിടനിർമ്മാണ ചട്ടങ്ങൾ പാലിക്കാത്ത വൻകിട നിർമ്മാണ പ്രവൃത്തികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.എൻ.എ.ഖാദർ | ശ്രീ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കാതെ വൻകിട നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിനാൽ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും മണ്ണിടിഞ്ഞ് അപകടങ്ങൾ ഉണ്ടാകുന്നത് വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോയെന്നും കെട്ടിടം പണിയാൻ അനുമതി വാങ്ങിയ ശേഷം അതിൽ നിന്നും വ്യത്യാസം വരുത്തി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടോയെന്നും പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനമെന്തെന്ന് വിശദമാക്കുമോ; ഇവ ഫലപ്രദമാണോ എന്ന് പരിശോധിക്കുമോ; | (ബി) മേൽ പരിശോധനകൾക്കായി ബിൽഡിംഗ് ഇൻസ്പെക്ടർമാരെയും മേൽനോട്ടം വഹിക്കുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർമാരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. നിർമ്മാണാവസ്ഥയിൽ മണ്ണിടിച്ചിൽ പോലെയുള്ള അത്യാഹിതങ്ങൾ ഉണ്ടാകാതെ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതും Structural Design പ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തേണ്ടതും കെട്ടിട ഉടമയുടേയും ബന്ധപ്പെട്ട ലൈസൻസ്ഡ് സൂപ്പർവൈസറുടേയും ചുമതലയാണ്. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം എന്നിവയിൽ അദ്ധ്യായം II ൽ കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുമ്പോൾ സെക്രട്ടറി പാലിക്കേണ്ട വ്യവസ്ഥകളെപ്പറ്റിയും, അദ്ധ്യായം III ൽ അനധികൃത നിർമ്മാണങ്ങളിൽ മേൽ സെക്രട്ടറി സ്വീകരിക്കേണ്ട നടപടികളെപ്പറ്റിയും പ്രതിപാദിച്ചിട്ടുണ്ട്. കൂടാതെ നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഉടമസ്ഥന്റെ ചുമതലകളും ഉത്തരവാദിത്വങ്ങളും, പ്ലാനുകൾ ഒപ്പുവയ്ക്കുന്ന രജിസ്റ്റർ ചെയ്ത ആർക്കിടെക്റ്റ്/എഞ്ചിനീയർ/ടൗൺ പ്ലാനർ തുടങ്ങിയവരുടെ ഉത്തരവാദിത്വങ്ങളും ചുമതലകളും കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. (യഥാക്രമം കെ.എം.ബി.ആർ. ചട്ടം 20,153, കെ.പി.ബി.ആർ. ചട്ടം 22,144) ഇതിനു |

(തുടർച്ച........2)

പുറമേ കെ.എം.ബി.ആർ. അദ്ധ്യായം XXIII, കെ.പി.ബി.ആർ അദ്ധ്യായം XXV എന്നിവയിൽ അനധികൃത നിർമ്മാണം കണ്ടെത്തുന്നതിന് വിജിലൻസ് സ്ക്വാഡ് രൂപീകരിക്കുന്നതിനെപ്പറ്റിയും പ്രതിപാദിച്ചിട്ടുണ്ട്. അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനും പരിശോധിക്കുന്നതിനുമായി ഒരു വിജിലൻസ് വിംഗ് തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ അവധി ദിവസങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ തടയുന്നതിനായി സ്ക്വാഡുകൾ രൂപീകരിച്ചുകൊണ്ട് വിവിധ ഘട്ടങ്ങളിൽ സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

| | |
|---|---|
| (സി) ബഹുനിലക്കെട്ടിടങ്ങൾക്ക് നിർമ്മാണാനുമതി നൽകുന്നതിന് മുമ്പായി മണ്ണുപരിശോധന നടത്തണമെന്ന വ്യവസ്ഥ കർശനമായി പാലിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (സി) ബഹുനില കെട്ടിടങ്ങൾക്ക് നിർമ്മാണാനുമതി നൽകുന്നതിന് മുമ്പായി മണ്ണുപരിശോധന നടത്തണമെന്ന വ്യവസ്ഥ കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ബഹുനില കെട്ടിടങ്ങളുടെ നിർമ്മാണാനുമതിക്കുള്ള അപേക്ഷയ്ക്കൊപ്പം രജിസ്റ്റർ ചെയ്ത എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ Structural Design-ന്റെ drawing-ഉം Structural Stability Certificate-ഉം നൽകണമെന്ന് കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട് (കെ.എം.ബി.ആർ. ചട്ടം 120, കെ.പി.ബി.ആർ ചട്ടം 115). കൂടാതെ ബഹുനില കെട്ടിടങ്ങളുടെ നിർമ്മാണം തുടങ്ങുന്നതു മുതൽ പൂർത്തിയാകുന്നതുവരെ കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം രജിസ്റ്റർ ചെയ്ത ഒരാളെ മുഴുവൻ സമയമേൽനോട്ടക്കാരനായി ഉടമസ്ഥൻ സൈറ്റിൽ നിയമിക്കേണ്ടതാണെന്നും അത്തരം മേൽനോട്ടക്കാരുടെ അഭാവത്തിൽ സൈറ്റിൽ യാതൊരു പ്രവർത്തനവും നടത്താവുന്നതല്ലെന്നും ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. (കെ.എം.ബി.ആർ. ചട്ടം 120A, കെ.പി.ബി.ആർ ചട്ടം 116) |

സെക്ഷൻ ഓഫീസർ